"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തത് സംബന്ധിച്ച എൽ.എ.ആർ. 14/2014 നമ്പർ കേസിന്മേലുളള ബാലൻസ് വിധിക്കടത്തുക നല്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1674/2024/LSGD തീയതി, തിരുവനന്തപുരം, 10-09-2024**

പരാമർശം:-
1. സ.ഉ. (പി) നം.32/2019/ധന തീയതി 18/03/2019.
2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 26/06/2023 തീയതിയിലെ കെ9-360516/21 നമ്പർ കത്ത്
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 07/08/2024 തീയതിയിലെ എ3/48/2022/ടിഡ നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ - ചൂരക്കാട്ടുപാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 1726/4 (റീ സർവ്വേ നമ്പർ 1726/8)-ൽ ഉൾപ്പെട്ട 0.25 ആർ. സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ.14/2014 കേസിലെ ബാലൻസ് വിധിക്കടത്തുകയായ 32,58,444/- രൂപ (മുപ്പത്തിരണ്ട് ലക്ഷത്തി അൻപത്തി എണ്ണായിരത്തി നാനൂറ്റി നാൽപ്പത്തിനാല് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. ബിജു രമേശിന് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറി പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പാറ്റൂർ-ചൂരക്കാട്ട് പാളയം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽ സർവ്വേ നമ്പർ 1726/4 (റീ സർവ്വേ നമ്പർ 1726/8)-ൽ ഉൾപ്പെട്ടതും ശ്രീ. ബിജു രമേശിന്റെ ഉടമസ്ഥതയിലുണ്ടായിരുന്നതുമായ 0.25 ആർ. സ്ഥലം പൊന്നുംവിലയ്ക്ക് ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്തിട്ടുള്ള എൽ.എ.ആർ. 14/2014 കേസിലെ ബാലൻസ് വിധിക്കടത്തുകയായ 32,58,444/- രൂപ (മുപ്പത്തിരണ്ട് ലക്ഷത്തി അൻപത്തി എണ്ണായിരത്തി നാനൂറ്റി നാൽപ്പത്തിനാല് രൂപ മാത്രം) ടി കേസിലെ കക്ഷിയായ ശ്രീ. ബിജു രമേശിന് (S/o ജി. രമേശൻ, 'സംതൃപ്തി', കോട്ടയ്ക്കകം, വഞ്ചിയൂർ, തിരുവനന്തപുരം)

'4217-60-800-93 Payment of Compensation in LR cases' എന്ന ശീർഷകത്തിൽ നിന്നും നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. ബിജു രമേശ്, S/o ജി. രമേശൻ, 'സംതൃപ്തി', കോട്ടയ്ക്കകം, വഞ്ചിയൂർ, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/242/2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 11-09-2024 15:06:26

സെക്ഷൻ ഓഫീസർ